(ബി) സംസ്ഥാനത്തിന്റെ നിർമ്മാണ മേഖലയെ ആകെ സ്തംഭിപ്പിക്കുന്ന ഇത്തരം പ്രവർത്തനം നിർത്തലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽ വരുന്നപക്ഷം ഉചിതമായ നിർദ്ദേശം നൽകുന്നതാണ്.

മണൽ കടത്ത് തടയുന്നതിന് നടപടി

12 (4616) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് മണൽ കള്ളക്കടത്ത് തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ?

ഉത്തരം

മണൽ കള്ളക്കടത്ത് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ മൈനിംഗ് മിനറൽ ഡിസാസ്റ്റർ റെഗുലേഷൻ ആക്ട് (MMDR Act), കേരള പ്രൊട്ടക്ഷൻ റെഗുലേഷൻ റിവർ ബാങ്ക് ആക്ട് (KPRRB Act), കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് (KAAPA Act) എന്നീ നിയമങ്ങൾ പ്രകാരം ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നിരത്തുകളിൽ സിനിമാ-സീരിയൽ ഷൂട്ടിംഗ് നിയന്ത്രിക്കാൻ നടപടി

13 (4617) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകൽ സമയങ്ങളിൽ തിരക്കുള്ള ദേശീയ പാതകളുൾപ്പെടെയുള്ള നിരത്തുകളിൽ സിനിമാ-സീരിയൽ ഷൂട്ടിംഗ് നടത്തുന്നത് ട്രാഫിക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഷൂട്ടിംഗുകൾ നടത്തുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ മുൻകൂർ അനുമതി വാങ്ങണമെന്ന നിർദ്ദേശം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly